കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കാവാലം ഗ്രാമപഞ്ചായത്ത്

2016-2017

ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ-എ.എൽ.പി-പി10-1314/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ ജില്ല.
തീയതി. 04.11.2017
ഇ-മെയിൽ : ddhglfalpy@gmail.com
ഫോൺ : 0477 2252753

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കാവാലം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കാവാലം ഗ്രാമപഞ്ചായത്ത്- 2016 - 17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാവാലം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

.
..

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-എ.എൽ.പി-പി10-1314/17 തീയതി. 04.11.2017

# ആലപ്പുഴ ജില്ലയിലെ കാവാലം ഗ്രാമ പഞ്ചായത്ത് 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ കാവാലം ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 1.04.2016 മുതൽ 31.03.2017വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും,ഉദ്യോഗപ്പേരും | ജി.ഹരികുമാർ, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 09.10.2017മുതൽ 19.10.2017 വരെ | ശ്രീ.വിജയകുമാർ.എൻ, ഓഡിറ്റ് ഓഫീസർ<br>ശ്രീ.വി.കെ.പുഷ്പരാജ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ.ടി.എം.റോയി, സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

1) പ്രസിഡന്റ്

| | | |
|---|---|---|
| 1 | ശ്രീമതി. സന്ധ്യാ രമേശ് | 01.04.2016 മുതൽ 31.03.2017 വരെ |

2) സെക്രട്ടറി

| | | |
|---|---|---|
| 1 | ശ്രീ. പി.എസ്.ശിഖിവാഹനൻ | 01.04.2016 മുതൽ 31.03.2017വരെ |

3) മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീ. എം.എ. സിറാജുദ്ദീൻ | 01.04.2016 മുതൽ 31.03.2017 വരെ |
| 2 | വെറ്ററിനറി സർജൻ | ശ്രീമതി. ദിവ്യ ചന്ദ്രൻ | 01.04.2016 മുതൽ 31.03.2017വരെ |
| 3 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. അഞ്ജു മരുതനായകം<br>ശ്രീമതി. ജീന വർഗ്ഗീസ്<br>ശ്രീമതി. അഞ്ജു മരുതനായകം | 01.04.2016 മുതൽ 21.10.2016 വരെ<br>22.10.2016 മുതൽ 17.03.2017 വരെ<br>18.03.2017 മുതൽ 31.03.2017വരെ |
| 5 | വി.ഇ.ഒ | ശ്രീ. അനിൽ കുമാർ | 01.04.2016മുതൽ 31.03.2017 വരെ |
| 6 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.ശ്രീകല.സി.എൻ<br>ഡോ.ജമീഷ് ജയിംസ്<br>ഡോ.നിഥിൻ കബീർ | 01.04.2016 മുതൽ 01.06.2016 വരെ<br>02.06.2016 മുതൽ 28.10.2016 വരെ<br>29.10.2016 മുതൽ 31.03.2017 വരെ |
| 7 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.സുഭാഷ് | 01.04.2016 മുതൽ 31.03.2017 വരെ |
| 8 | എച്ച്.എം. എൽ.പി.എസ് | ശ്രീമതി.ഷൈല. പി.രാജ് | 01.04.2016 മുതൽ 31.03.2017വരെ |
| 9 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.സുജാത.കെ<br>ശ്രീ. രാജശേഖരൻ.എസ് | 01.04.2016 മുതൽ 23.12.2016വരെ<br>24.12.2016 മുതൽ 31.03.2017വരെ |
| 10 | അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.ടി.ആർ.തിലകൻ | 01.04.2016മുതൽ 31.03.2017 വരെ |

ഉള്ളടക്കം


| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ഇനം. |
|---|---|---|
| ഭാഗം – 1 | | |
| 1 | 1-1 മുതൽ 1-9 വരെ | പൊതു അവലോകനം |
| ഭാഗം – 2 | | |
| 2 | 2-1 | വസ്തുനികുതി - നിർണ്ണയത്തിലും, പിരിവിലും അപാകതകൾ. |
| 3 | 2-2 | മൊബൈൽ ടവറുകളുടെ വസ്തുനികുതി - ഈടാക്കിയിട്ടില്ല. |
| 4 | 2-3 | തൊഴിൽ നികുതി ഈടാക്കുന്നതിൽ വീഴ്ച. |
| 5 | 2-4 | ഡി ആന്റ് ഒ ലൈസൻസില്ലാതെ വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. |
| 6 | 2-5 | പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അൺ-എയ്ഡഡ് സ്കൂളുകൾക്ക് ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നല്കുന്നില്ല. |
| ഭാഗം – 3 | | |
| 7 | 3-1 | പദ്ധതി നിർവ്വഹണത്തിൽ ഗുരുതര വീഴ്ച – 76.28 ലക്ഷം രൂപ ചെലവഴിച്ചില്ല. |
| 8 | 3-2 | ജവഹർലാൽ നെഹ്റു ജയന്തി ഭവന നിർമാണം- നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താവിൽ നിന്നും തുക തിരികെ ഈടാക്കിയില്ല. |
| 9 | 3-3 | ആട് ഗ്രാമം - സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു. |
| 10 | 3-4 | ഫെസ്റ്റിവൽ അഡ്വാൻസ്- തുക തിരികെ ഈടാക്കിയിട്ടില്ല |
| 11 | 3-5 | ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന് -മരുന്ന് പൂർണ്ണമായി ലഭിച്ചില്ല |
| 12 | 3-6 | ഹോമിയോ ആശുപത്രിയ്ക്കായി വാങ്ങിയ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നു. |
| 13 | 3-7 | നെൽവിത്ത് സബ്സിഡി --- കർഷകർ ഒപ്പിട്ട വിതരണ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയില്ല. |
| 14 | 3-8 | മരാമത്ത് പ്രവൃത്തികൾ - പദ്ധതി നിർവ്വഹണത്തിൽ ഗുരുതരമായ അനാസ്ഥ – പദ്ധതിയ്ക്കായി വകയിരുത്തിയ തുകയുടെ 14.03% മാത്രം ചെലവ്. |
| 15 | 3-9 | തെരുവുവിളക്കുകളുടെ വൈദ്യുതിചാർജ്ജ്-ഓർഡിനറി ബൾബുകളുടെ പേരിൽ അധികതുക നൽകുന്നു. |
| 16 | 3-10 | മഴക്കാല പൂർവ്വ ശുചീകരണം- വാർഡു തലത്തിൽ നൽകുന്ന തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കാതെ പണമായി മാറി ചെലവഴിക്കുന്നു. |

| | | |
|---|---|---|
| 17 | 3-11 | മരുന്നുകളുടെ വിതരണ വിവരം യഥാസമയം രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല-- |
| 18 | 3-12 | നോൺബാങ്കിംഗ് ട്രഷറി- നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്ലാൻ അക്കൗണ്ടിൽ (ബാങ്ക്) ശേഷിക്കുന്ന തുക തിരിച്ചടച്ചില്ല. |
| ഭാഗം – 4 | | |
| 19 | 4-1 മുതൽ<br>4-10 വരെ | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 20 | അനുബന്ധം | ഓഡിറ്റ് സർട്ടിഫിക്കറ്റ് (മലയാളം & ഇംഗ്ലീഷ്) |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 2.03.16 തീയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 46898570 | 44989810 |
| വാർഷിക കണക്ക് പ്രകാരം | 34963368 | 31875617 |

## 1-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക പരിശോധിച്ച് വിശേഷണങ്ങളോടുകൂടിയ (ക്വാളിഫൈഡ്) സർട്ടിഫിക്കറ്റ് നൽകുന്നു.

(വിശദ വിവരം ഖണ്ഡിക- 4-1 കാണുക)

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 8680323 | 7617525 | 87.76 |
| വികസനഫണ്ട് എസ്.സി.പി. | 2030574 | 2013574 | 99.16 |
| വികസനഫണ്ട് ടി.എസ്.പി. | 26892 | 26892 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 1723359 | 219736 | 12.75 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 2554755 | 1155440 | 45.23 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 4868387 | 3934010 | 80.81 |
| ലോക ബാങ്ക് സഹായം | 3453319 | 742572 | 21.5 |
| ബി ഫണ്ട് | 27216075 | 27216075 | 100 |
| എം.എൻ.ആർ.ഇ.ജി.എസ് | 2187431 (2854/-രൂപ മുന്നിരിപ്പ് ഉൾപ്പടെ) | 21848000 | 99.88 (നീക്കിയിരുപ്പ് - 26317 രൂപ) |

## 1-4 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 113 | 28364495 | 70 | 16952822 | 38 | 5 | 62 |

## 1-5 തനത് വരുമാനം.

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് 2016-17 സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം121.62ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം (2015-16) | തൻവർഷം (2016-17) | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1151209 | 2773728 | 1622519 | 140.94 |
| നികുതിയേതര വരവുകൾ | 388971 | 835912 | 446941 | 114.90 |
| മറ്റ് വരവുകൾ | 125718 | 82350 | (-)43188 | (-)34.35 |
| ആകെ | 1665898 | 3691990 | 2026092 | 121.62 |

## 1-6 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് തൻവർഷം നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളിലൂടെ 2743 ഗുണഭോക്താക്കൾക്കായി 27216075/- രൂപ വിതരണം ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 333000 | 190 |
| കർഷകതൊഴിലാളി പെൻഷൻ | 9536950 | 1107 |
| വിധവാപെൻഷൻ | 4252440 | 396 |
| വാർദ്ധക്യകാലപെൻഷൻ | 9948560 | 799 |
| വികലാംഗപെൻഷൻ | 2407275 | 200 |
| അവിവാഹിതപെൻഷൻ | 467850 | 42 |
| വിവാഹധനസഹായം (വിധവകളുടെ പെൺമക്കൾക്ക്) | 270000 | 9 |
| ആകെ | 27216075 | 2743 |

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.10.2017ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 81120/- രൂപ ക്യാഷ് ബാലൻസിന്റെ /നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. എന്നാൽ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് സംബന്ധിച്ച് അപാകതകളുള്ളതായി കാണുന്നു. . പ്രധാന തനതു വരുമാനമായ കെട്ടിട നികുതി സംബന്ധിച്ച ഡിമാന്റ് രജിസ്റ്റർ , അരിയർ ഡിമാൻഡ് രജിസ്റ്റർ എന്നിവ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല (സഞ്ചയ സോഫ്റ്റ് വെയറും കൃത്യമായ രീതിയിൽ തയ്യാറാക്കിയിട്ടില്ല). തെരുവ് വിളക്കുകളുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. ആഭ്യന്തര ഭരണ നിയന്ത്രണ സംവിധാനത്തിന്റെ പോരായ്മയാണ് ഇത് സൂചിപ്പിക്കുന്നത്. ആഭ്യന്തര നിയന്ത്രണ സംവിധാനം ഫലപ്രദമായി നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.8.2017 | 08/2017 | 18.9.2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 3.3.2016- 9.3.2016 | 2010-11 മുതൽ 2014-15 വരെ | 6.05.2016 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി - നിർണ്ണയത്തിലും, പിരിവിലും അപാകതകൾ.

2016-17 വർഷത്തെ വസ്തുനികുതി പരിശോധനയുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെകൊടുക്കുന്നു.

1. <u>വസ്തുനികുതി പിരിവ് കാര്യക്ഷമമല്ല.</u>

   പഞ്ചായത്തിന്റെ 2016-17വർഷത്തെ വസ്തുനികുതിയിനത്തിലുള്ള വരവ് പരിശോധിച്ചതിൽ, ഇപ്പോഴും വലിയ തുക കുടിശ്ശികയായി നിൽക്കുന്നതായി കാണുന്നു. സഞ്ചയ ഡി.സി.ബി പത്രിക പ്രകാരം 2016-17 വരെയുള്ള കുടിശ്ശിക ഡിമാന്റ് 16,49,538 രൂപയും തൻവർഷ ഡിമാന്റ് 11,37,184 രൂപയും ആണ്. ഇതിൽ കുടിശ്ശികയിനത്തിൽ 8,47,007 രൂപയും തൻവർഷത്തെ നികുതിയായി 6,37,173 രൂപയും മാത്രമാണ് പിരിച്ചെടുത്തിട്ടുള്ളത്. തനത് ഫണ്ട് വരുമാനം വളരെ കുറവായ കാവാലം ഗ്രാമപഞ്ചായത്തിൽ തനത് വരുമാനത്തിന്റെ പ്രധാന സ്രോതസായ കെട്ടിടനികുതി ഇത്തരത്തിൽ കുടിശ്ശികയായി തുടരുന്നത് ശരിയല്ല. കൂടാതെ സഞ്ചയ സോഫ്റ്റ് വെയറിൽ വസ്തുനികുതി സംബന്ധിച്ചുള്ള എല്ലാ കെട്ടിടങ്ങളുടേയും വിവരങ്ങൾ ഉൾക്കൊള്ളിച്ചതായി കാണുന്നില്ല. സഞ്ചയ സോഫ്റ്റ് വെയറിലെ കണക്കുകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

2. <u>നികുതി നിർണ്ണയത്തിലെ പോരായ്മ മൂലം വരുമാന നഷ്ടം.</u>

   തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 14.11.2011 ലെ 19/2011/ തസ്വഭവ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കാവാലം ഗ്രാമപഞ്ചായത്ത് വസ്തു നികുതി സംബന്ധിച്ച 2.7.2012ൽ പുറപ്പെടുവിച്ച അന്തിമ വിജ്ഞാപന പ്രകാരം, 100 ചതുരശ്ര മീറ്റർ വരെയുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതി ഒരു ചതുരശ്ര മീറ്ററിന് 60/- രൂപയും 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതി ഒരു ചതുരശ്ര മീറ്ററിന് 70/- രൂപയുമാണ്. എന്നാൽ ഒരേ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള ഒരു ഷോപ്പിംഗ് കോപ്ലക്സിലെ വിവിധ മുറികൾക്ക് പ്രത്യേകം നികുതി നിശ്ചയിക്കുകവഴി ഓരോ മുറിയും 100 ചതുരശ്ര മീറ്റർ വരെയുള്ള കെട്ടിടങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തുകയും ഇവയ്ക്ക് ചതുരശ്ര മീറ്ററിന് 60/-രൂപ നിരക്കിൽ നികുതി നിർണ്ണയിക്കുകയുമാണ് ചെയ്തിരിക്കുന്നത്. ഇതുമൂലം പഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്ന നികുതി വരുമാനത്തിൽ വലിയ കുറവ് വന്നിട്ടുണ്ട്. വിശദവിവരം താഴെകൊടുക്കുന്നു

   1. നാലാം വാർഡിൽ സ്ഥിതിചെയ്യുന്ന മര്യാലയത്തിന്റെ കീഴിലുള്ള ഷോപ്പിംഗ് കോംപ്ലക്സിന് 2016-17 ഒന്നാം അർദ്ധ വർഷം മുതൽ നികുതി ചുമത്തിയിട്ടുള്ളതാണ്. ഷോപ്പിംഗ് കോംപ്ലക്സിലെ 4/66A മുതൽ M വരെയുള്ള 13 മുറികൾക്കും പ്രത്യേകമായാണ് വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നത്. ടി കെട്ടിടത്തിലെ 4/66A മുതൽ F വരെയുള്ള 6 മുറികൾ താഴത്തെ നിലയിലും (വിസ്തീർണ്ണം 245.89 ച.മീ), 4/66G മുതൽ M വരെയുള്ള 7 മുറികൾ ഒന്നാം നിലയിലുമാണ് (വിസ്തീർണ്ണം 195.1 ച.മീ).
   2. നാലാം വാർഡിലെ ശ്രീ. അരുൺ & സുധാമണിയുടെ ഉടമസ്ഥതയിലുള്ള മൂന്നുനില ഷോപ്പിംഗ് കോപ്ലക്സിലെ 4/43 B മുതൽ H വരെയുള്ള മുറികൾക്കും പ്രത്യേകമായാണ് വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നത്. സഞ്ചയയിലെ രേഖപ്പെടുത്തൽ പ്രകാരം ടി കെട്ടിടത്തിലെ താഴത്തെ നിലയിലെ 4/43 B മുതൽ F വരെയുള്ള കടമുറികൾക്ക് (വിസ്തീർണ്ണം 142.52 ച.മീ) 2016-17 ഒന്നാം അർദ്ധ വർഷം മുതലാണ് നികുതി നിർണ്ണയിച്ച് ഈടാക്കുന്നത്. ടി കെട്ടിടങ്ങളിൽ നിന്നും നിലവിൽ ഈടാക്കുന്ന നികുതിയുടെ സംക്ഷിപ്ത വിവരം താഴെകൊടുക്കുന്നു.

3.

| കെട്ടിട | വിസ്തീർണ്ണം | അടിസ്ഥാന | റോഡ് 5 മീറ്ററിൽ | ബഹുനില | ഈടാക്കിയ |
|---|---|---|---|---|---|
| 4/66A മുതൽ M വരെ | 440.99 | 26,460 | 5292 | 703 | 31049 |
| 4/43B മുതൽ F വരെ | 142.52 | 8552 | 1711 | -- | 10563 |

മേൽ പറയുന്ന രണ്ട് കെട്ടിടങ്ങളുടേയും ആകെ വിസ്തീർണ്ണം 100 ചതുരശ്ര മീറ്ററിൽ കൂടുതലായതിനാൽ ഇവയെ 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തി അടിസ്ഥാന വസ്തു നികുതി ഒരു ചതുരശ്ര മീറ്ററിന് 70/- രൂപ നിരക്കിൽ താഴെ പറയും പ്രകാരം നികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക സഹിതം ബന്ധപ്പെട്ട കെട്ടിട ഉടമകളിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

| കെട്ടിട നം. | വിസ്തീർണ്ണം (ച.മീറ്ററിൽ) | അടിസ്ഥാന വസ്തുനികുതി ച.മീറ്ററിന് 70 രൂപ നിരക്കിൽ. | റോഡ് 5 മീറ്ററിൽ കൂടുതൽ- വർദ്ധനവ് (20%) | ബഹുനില വാണിജ്യ ആവശ്യ ത്തിനുള്ള ഇളവ് (5%). | ഈടാ ക്കേണ്ട വസ്തു നികുതി. |
|---|---|---|---|---|---|
| 4/66A മുതൽ M വരെ | 440.99 | 30870 | 6174 | 820 | 36224 |
| 4/43B മുതൽ F വരെ | 142.52 | 9977 | 1996 | -- | 11972 |

3. <u>സഞ്ചയയിലെ ഡാറ്റാ എൻട്രി പിഴവ് മൂലം വരുമാന നഷ്ടം.</u>

നാലാം വാർഡിലെ ശ്രീ. അരുൺ & സുധാമണിയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ ഒന്നാം നിലയിലെ 4/43G, 4/43H എന്നീ കടമുറികൾക്ക് (വിസ്തീർണ്ണം 75 ച.മീ) 2017-18 ഒന്നാം അർദ്ധ വർഷം മുതലാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. 2016-17 വർഷം നികുതി നിർണ്ണയിച്ച താഴത്തെ നിലയിലെ 4/43 B മുതൽ F വരെയുള്ള കടമുറികൾക്ക് 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന്റെ അടിസ്ഥാനത്തിൽ 20% വർദ്ധനവ് നൽകിയിട്ടുണ്ടെങ്കിലും ഒന്നാം നിലയിൽ പണിതിട്ടുള്ള മേൽ കടമുറികൾക്ക് സഞ്ചയയിലെ ഡാറ്റാ എൻട്രി പിഴവ് മൂലം ടി വർദ്ധനവ് നൽകാതെയാണ് ഫോം 6 തയ്യാറാക്കി നികുതി നിർണ്ണയിച്ചിരിക്കുന്നത്. ടി അപാകത പരിഹരിച്ച് മുഴുവൻ കടമുറികളുടെയും ആകെ വിസ്തീർണ്ണത്തിന് ആനുപാതികമായി നികുതി പരിഷ്ക്കരിച്ച് ഈടാക്കേണ്ടതാണ്.

## 2-2 <u>മൊബൈൽ ടവറുകളുടെ വസ്തുനികുതി - ഈടാക്കിയിട്ടില്ല.</u>

പഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന മൊബൈൽ ടവറുകൾക്ക് 14.01.2011 ലെ സർക്കാർ ഉത്തരവ് നം. 19/2011/ തസ്വഭവ പ്രകാരം തറ വിസ്തീർണ്ണാടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. മൊബൈൽ ടവറുകൾക്ക് ചതുരശ്ര മീറ്ററിന് 500/- രൂപയാണ് വസ്തുനികുതിയായി നിശ്ചയിച്ചിട്ടുള്ളത്. ഗ്രാമ പഞ്ചായത്തിൽ 13 വാർഡുകളുണ്ട്. എന്നാൽ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ രേഖകൾ പ്രകാരം ആകെ മൂന്ന് ടവറുകളുടെ നികുതി മാത്രമാണ് അസ്സസ്സ് ചെയ്തിട്ടുള്ളത്. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പേര് വിവരം | വാർഡ്/ കെട്ടിട നം. | വിസ്തീർണ്ണം | നിർണ്ണയിച്ച വസ്തു നികുതി (ലൈബ്രറി സെസ്സ് ഉൾപ്പെടെ) | പരാമർശം |
|---|---|---|---|---|---|
| 1 | ഐഡിയ മൊബൈൽ | 4/8 B | 9.45 ച.മീ. | 6635 | 2013-14 |

| | | | | | |
|---|---|---|---|---|---|
| | കമ്മ്യൂണിക്കേഷൻ ലിമി. | | | | |
| 2 | ഡിഷ്നെറ്റ് വയർലെസ്സ് കമ്മ്യൂണിക്കേഷൻ | 7/204A | 10 ച.മീ. | 7605 | മുതൽ |
| 3 | ഡബ്ല്യു.റ്റി.റ്റി.ഐ. എൽ. എസ്സ്. എൽ | 4/8A | 14.5 | 11028 | |

പ്രസ്തുത ടവറുകളുടെ 2016-17 വർഷം വരെയുള്ള വസ്തു നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 1/10.10.17) സെക്രട്ടറി ഹാജരാക്കിയ മറുപടിയിൽ ആകെ 4 ടവറുകളുള്ളതിൽ 3എണ്ണത്തിന് നികുതി നിശ്ചയിച്ച് നൽകിയിട്ടുണ്ടെന്നും ശേഷിക്കുന്ന ബി.എസ്.എൻ.എൽ - ന്റെ ടവറിന് വസ്തു നികുതി നിർണ്ണയിച്ച് അറിയിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. വസ്തു നികുതി പൂർണ്ണമായി ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 2-3 തൊഴിൽ നികുതി ഈടാക്കുന്നതിൽ വീഴ്ച.

2016-17 വർഷത്തെ തൊഴിൽ നികുതി പരിശോധനയുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ മങ്കൊമ്പ് ഒന്നാം അർദ്ധവർഷം നാല് ജീവനക്കാരുടെ തൊഴിൽ നികുതിയായി 4750രൂപ (രസീത് നമ്പർ 11603500006/ 11.8.2016) ഒടുക്കിട്ടുണ്ടെങ്കിലും രണ്ടാം അർദ്ധവർഷം തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.
2. കാവാലം ആയുർവ്വേദ ഡിസ്പൻസറിയിലെ അറ്റൻഡറായ ശ്രീ. കെ രമേശന്റെ ഒന്നാം അർദ്ധവർഷത്തെ വരുമാനമായി അർദ്ധവർഷിക വരുമാന പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്നത് 1,62,960 രൂപയാണ്. തൊഴിൽ നികുതിയായി 1250/- രൂപ ഈടാക്കേണ്ടതാണെങ്കിലും ടിയാനിൽ നിന്നും 1,000/- രൂപയാണ് (രസീത് നമ്പർ 11603500410/ 5.9.2016) തൊഴിൽ നികുതിയായി ഈടാക്കിയിരിക്കുന്നത്.
3. കാവാലം എൻ.എസ്.എസ് ഹയർ സെക്കണ്ടറി സ്കൂളിലെ പ്രഥമാധ്യപികയായ ശ്രീമതി. മിനി സി.ആർ. രണ്ട് അർദ്ധവർഷങ്ങളിലെ നികുതി 2500/-രൂപ ഒരുമിച്ചാണ് അടച്ചിരിക്കുന്നത് (രസീത് നമ്പർ 11603101043/ 1.3.2017). ടിയാരി ഒന്നാം അർദ്ധവർഷത്തെ നികുതി യഥാസമയം അടയ്ക്കാതിരുന്നതിന് പിഴപ്പലിശ ഈടാക്കിയിട്ടില്ല.
4. എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഓവർസീയറായ ശ്രീമതി. പി.ഗീതയിൽ നിന്നും ഒന്നാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിലും രണ്ടാം അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല.
5. 2016-17 വർഷം ബാങ്കിംഗ് ധനകാര്യ സ്ഥാപനങ്ങളായ മുളമൂട്ടിൽ ഫൈനാൻസിയേഴ്സ്, കാവാലം, ക്ഷീരോല്പാദക സഹകരണ സംഘം കാവാലം എന്നിവിടങ്ങളിൽ നിന്നും സ്ഥാപന നികുതി ഈടാക്കിയിട്ടില്ല.

മേൽ പരാമർശിച്ചിട്ടുള്ള ജീവനക്കാരിൽ നിന്നും, സ്ഥാപനങ്ങളിൽ നിന്നും നികുതി കുടിശ്ശിക പിഴപ്പലിശ സഹിതം ഈടാക്കി അറിയിക്കേണ്ടതാണ്.

## 2-4 ഡി ആന്റ് ഒ ലൈസൻസില്ലാതെ വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

2016-17 വർഷത്തെ വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം പഞ്ചായത്ത് പരിധിയിൽ ആകെ 312

സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 97 സ്ഥാപനങ്ങൾ തൻവർഷം ലൈസൻസ് എടുത്തതായും 215 സ്ഥാപനങ്ങൾ ലൈലൻസില്ലാതെ പ്രവർത്തിക്കുന്നതായും ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തൻവർഷത്തെ ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ ആകെ 65 സ്ഥാപനങ്ങൾ മാത്രമാണ് യഥാർത്ഥത്തിൽ ലൈസൻസ് കരസ്ഥമാക്കിയിട്ടുള്ളത്. അതായത് കേവലം 21% സ്ഥാപനങ്ങൾ മാത്രമാണ് പഞ്ചായത്ത് പരിധിയിൽ നിയമാനുസൃതം പ്രവർത്തിക്കുന്നത്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകുകയുണ്ടായി. കാവാലം ഗ്രാമപഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളും ഒറ്റപ്പെട്ടതും യാത്രാസൗകര്യം പരിമിതമായതുമാണെന്നും ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള പല സ്ഥാപനങ്ങളും നിലവിൽ പ്രവർത്തിക്കുന്നില്ലെന്നുമാണ് സെക്രട്ടറി മറുപടി നൽകിയത്. ലൈസൻസില്ലാതെ യാതൊരുവിധ വാണിജ്യ സ്ഥാപനങ്ങളും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പാക്കേണ്ടത് പഞ്ചായത്തിന്റെ ഉത്തരവാദിത്വമാണ്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കേണ്ടതാണ്.

## 2-5 പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അൺ-എയ്ഡഡ് സ്കൂളുകൾക്ക് ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നല്കുന്നില്ല.

പൊതു വിദ്യാഭ്യാസ വകുപ്പ് ഉത്തരവ് നം. ജി.ഒ (ആർ.റ്റി) 2427/2007, പൊ.വി.1.08.2007 പ്രകാരം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന അൺ-എയ്ഡഡ് സ്കൂളുകളുടെ ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നല്കുന്നതിന് എൽ.എസ്.ജി.ഡി എഞ്ചിനീയർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ജി.ഒ (പി) 84197/പി.ഡബ്ളിയു & റ്റി , 19.08.1997 അനുസരിച്ച് അൺ-എയ്ഡഡ് സ്കൂളുകളുടെ ഫിറ്റ്നെസ് ഫീ പ്രതിവർഷം 1000/- രൂപയാണ്. 2016-17 വർഷത്തെ വാർഷിക കണക്കുകൾ പ്രകാരം ടി ഇനത്തിൽ വരവില്ല. ഗ്രാമ പഞ്ചായത്ത് പരിധിയിൽ 2 അൺ - എയ്ഡഡ് സ്കൂളുകൾ പ്രവർത്തിക്കുന്നതായി തൊഴിൽ നികുതി പത്രികകൾ പരിശോധിച്ചതിൽ ബോധ്യപ്പെട്ടിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അൺ - എയ്ഡഡ് സ്കൂളുകളിൽ നിന്നും ഫിറ്റ്നെസ് ഫീ ഈടാക്കി സർട്ടിഫിക്കറ്റ് നല്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പദ്ധതി നിർവ്വഹണത്തിൽ ഗുരുതര വീഴ്ച - 76.28 ലക്ഷം രൂപ ചെലവഴിച്ചില്ല.

ഓഡിറ്റ വർഷം ഗ്രാമ പഞ്ചായത്തിന് വിവിധ ഇനങ്ങളിലുള്ള പദ്ധതി വിഹിതമായി ആകെ 2.33 കോടി രൂപ ലഭിച്ചിരുന്നു. എന്നാൽ കേവലം 1.57കോടി രൂപ മാത്രമാണ് ചെലവഴിച്ചത്. ഏറ്റെടുത്ത പദ്ധതികളിൽ, പ്രത്യേകിച്ചും മരാമത്തു പദ്ധതികളിൽ ഭൂരിഭാഗവും നടപ്പാക്കാതെ ബാക്കി 76.28 ലക്ഷം രൂപയും നഷ്ടമായി. വിശദാംശം ചുവടെ.

| ഇനം | അലോട്ടു ചെയ്ത തുക | ചെലവഴിച്ച തുക | ബാക്കി തുക | ചെലവു ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് - പൊതു വിഭാഗം | 8680323 | 7617525 | 1062798 | 87.76 |
| വികസന ഫണ്ട് - SCP | 2030574 | 2013574 | 17000 | 99.16 |
| വികസന ഫണ്ട് - TSP | 26892 | 26892 | -- | 100 |
| മെയിന്റ. ഗ്രാന്റ് - റോഡ് | 1723359 | 219736 | 1503623 | 12.75 |

| | | | | |
|---|---|---|---|---|
| മെയിന്റ്. ഗ്രാന്റ് - നോൺ റോഡ് | 2554755 | 1155440 | 1399315 | 45.23 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 4868387 | 3934010 | 934377 | 80.81 |
| പെർഫൊർമൻസ് ഗ്രാന്റ് | 3453319 | 742572 | 2710747 | 21.5 |
| ആകെ | 23337609 | 15709749 | 7627860 | 67.32 |

11550362/-രൂപ അടങ്കലിൽ 50മരാമത്തു വേലകൾ ആവിഷ്കരിച്ചെങ്കിലും 1621286/- രൂപ ചെലവഴിച്ച് 8പദ്ധതികൾ മാത്രമാണ് പൂർത്തീകരിച്ചത്. (ചെലവ് 14.03%).

ഭൗതിക സൗകര്യങ്ങൾ കുറഞ്ഞ ഈ ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാൻ ലഭ്യമായ ഇത്രയും ഭീമമായ തുക യഥാസമയം ചെലവഴിക്കാൻ കഴിയാതിരുന്നത് തീർത്തും നിരാശാജനകമാണ്. വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-2 ജവഹർലാൽ നെഹ്റു ജയന്തി ഭവന നിർമാണം- നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താവിൽ നിന്നും തുക തിരികെ ഈടാക്കിയില്ല.

പ്രോജക്ട് നം. : 17/17
പ്രോജക്ടിന്റെ പേര് : ജവഹർലാൽ നെഹ്റു ജയന്തി ഭവന നിർമാണം
നിർവഹണം : വി.ഇ.ഒ

അടങ്കൽ : ധനകാര്യ കമ്മീഷൻ ഗ്രാന്റ്-8,20,000/- രൂപ

*ചെലവ് വിവരം:*

| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | |
|---|---|---|
| ക്രമ നം. | ട്രഷറി ബിൽ നം./തീയതി | തുക |
| 1 | 4/16-17/31.08.2016 | 360000 |
| 2 | 8/16-17/26.10.2016 | 60000 |
| 3 | 9/16-17/29.12.2016 | 20000 |
| 4 | 10/16-17/22.02.2017 | 20000 |
| 5 | 13/16-17/22.03.2017 | 60000 |
| 6 | 15/16-17/29.03.2017 | 60000 |
| | ആകെ | 540000 |

മേൽ പദ്ധതി പ്രകാരം 2016-17 സാമ്പത്തിക വർഷം ആദ്യ ഗഡു (20000/- രൂപ ) കൈപ്പറ്റിയ കൃഷ്ണലാൽ.പി.ഡി, പടിഞ്ഞാറെ പുതുവൽ എന്ന വ്യക്തി നാളിതുവരെയായും തുടർന്നുള്ള ഗഡുക്കൾ കൈപ്പറ്റി ഭവന നിർമാണം പൂർത്തീകരിച്ചതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6 തീ.11.10.2017) വി.ഇ.ഒ നല്കിയ മറുപടി ചുവടെ ചേർക്കുന്നു. "ടി ഗുണഭോകാതാവ് ഭവന

നിർമാണത്തിനായുള്ള ആദ്യ ഗഡു 31.12.2016-ൽ കൈപ്പറ്റിയതിനു ശേഷം ടിയാളുടെ ഭാര്യയ്ക്ക് പി.എസ്.സി മുഖേന സർക്കാർ സർവ്വീസിൽ ജോലി ലഭിച്ചതിനാൽ തുടർന്നുള്ള ഗഡുക്കൾ നല്കിയിട്ടില്ലാത്തതും ആദ്യം കൈപ്പറ്റിയ തുക തിരികെ ഈടാക്കാൻ നോട്ടീസ് നല്കി ജപ്തി നടപടികൾക്കുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്". നിയമപരമായ നടപടികളിലൂടെ തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 ആട് ഗ്രാമം - സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു.

പ്രോജക്ട് നം. : 50/17

പ്രോജക്ടിന്റെ പേര് : ആട് ഗ്രാമം
(4 മുതൽ 7 മാസം പ്രായമുള്ള രണ്ടു പെൺ ആട്ടിൻ കുട്ടികൾ-ജനറൽ വനിതകൾ)

നിർവഹണം : വെറ്റിനറി സർജൻ
അടങ്കൽ:-

വികസന ഫണ്ട് : 3,00,000/- രൂപ

ഗുണഭോക്തൃ വിഹിതം (സ്ഥാപനത്തിൽ അടക്കുന്നത്) :3,00,000/- രൂപ

ആകെ : 600000/- രൂപ

*ചെലവ് വിവരം*

| വികസന ഫണ്ട് | | |
|---|---|---|
| ക്രമ നം. | ട്രഷറി ബിൽ നം./തീയതി | തുക |
| 1 | 4/16-17/30.03.2017 | 250500 |
| ഗുണഭോക്തൃ വിഹിതം | | |
| ക്രമ നം. | ട്രഷറി ചെക്ക് നം./തീയതി | തുക |
| 1 | 427187/30.03.2017 | 43420 |
| | ആകെ | 293920 |

ഈ പദ്ധതി പ്രകാരം തൻ വർഷം 4 മുതൽ 7 മാസം വരെ പ്രായമായ 88 ആട്ടിൻ കുട്ടികളെ ആടൊന്നിന് 3340/- രൂപ ക്രമത്തിൽ വിതരണം ചെയ്തതിന് അമ്പലപ്പുഴയിലെ എം&എം ഫാം ഉടമ ശ്രീ.മനോജ്.എം-ന് മേല്പറയും പ്രകാരം 293920/- രൂപ നല്കിയതായി കാണുന്നു. സർക്കാർ ഉത്തരവ്(എം.എസ്) നം.4/2016 ത.സ്വ.ഭ.വ തീ.11.01.2016 പ്രകാരമുള്ള സബ്സിഡി മാർഗരേഖ അനുബന്ധം.15 ഖണ്ഡിക 3-2 പ്രകാരം പൊതുവിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ആട്ടിൻകുട്ടികളെ വിതരണം ചെയ്യുന്നതിന് പദ്ധതി വിഹിതത്തിൽ നിന്നും അനുവദനീയമായ പരമാവധി സബ്സിഡി 50% ആണ്. സബ്സിഡി മാർഗരേഖയനുസരിച്ച് ഈ പദ്ധതി പ്രകാരം ആകെ ചെലവു വന്ന 293920/- രൂപയുടെ 50% ആയ 146960/- രൂപ മാത്രമാണ് വികസന ഫണ്ടിൽ നിന്നും അനുവദനീയമായിട്ടുള്ളത്. എന്നാൽ 103540/- രൂപ വികസന ഫണ്ടിൽ നിന്നും അധികമായി ചെലവഴിച്ചിരിക്കുന്നു. 44ഗുണഭോക്താക്കളിൽ നിന്നും രണ്ട് ആട്ടിൻ കുട്ടികളുടെ വിലയുടെ പകുതി ഗുണഭോക്തൃ വിഹിതമിനത്തിൽ 3340/- രൂപ ക്രമത്തിൽ പിരിച്ച് പഞ്ചായത്തിൽ അടച്ചതായി കാണുന്നു. എന്നാൽ ഈ തുകയിൽ നിന്നും 43420/- രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5 തീ.11.10.2017) 75 ഗുണഭോക്താക്കൾക്കായി 150 ആടുകളെ വിതരണം ചെയ്യുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചിരുന്നതെങ്കിലും 2016-17 സാമ്പത്തിക വർഷം പദ്ധതി പൂർത്തീകരിക്കാൻ സാധിക്കാത്തതിനാൽ 2017-18 സാമ്പത്തിക

വർഷം ഇതിന്റെ തുടർ പ്രോജക്ട് ആവിഷ്കരിച്ചിട്ടുണ്ടെന്നും 31 ഗുണഭോക്താക്കൾക്ക് പദ്ധതി പ്രകാരം ആനുകൂല്യം നല്കുന്നതാണെന്നും ഗുണഭോക്തൃ വിഹിതത്തിൽ നിന്നും കുറവ് ചെലവ് ചെയ്ത തുക ഇവിടെ ചെലവഴിക്കുന്നതാണെന്നും അറിയിച്ചു. തൻവർഷം ചെലവായ ആകെ തുകയുടെ ആനുപാതികമായ വിഹിതമായിരുന്ന വികസന ഫണ്ടിൽ നിന്നും ചെലവഴിക്കേണ്ടിയിരുന്നത്. ഇതിന് വിരുദ്ധമായി പദ്ധതി വിഹിതത്തിൽ അധികം ചെലവഴിച്ച 103540/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 ഫെസ്റ്റിവൽ അഡ്വാൻസ്- തുക തിരികെ ഈടാക്കിയിട്ടില്ല

വൗച്ചർ നം. : 21600323, തീയതി. 09.09.2016

ചെക്ക് നം. : TSB/8850122, തീയതി. 09.09.2016

മേൽ വൗച്ചർ പ്രകാരം 2016-17 സാമ്പത്തിക വർഷത്തെ ഫെസ്റ്റിവൻ അഡ്വാൻസ് ഇനത്തിൽ 175000/- രൂപ തനത് ഫണ്ടിൽ നിന്നും പിൻവലിക്കുകയും ജീവനക്കാർക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇതിൽ 15000/- രൂപ ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ കൈപ്പറ്റിയ ശ്രീ.സി.എ.ജോസഫി, അക്കൗണ്ടന്റിൽ നിന്നും 12000/- രൂപ മാത്രമെ തിരികെ ഈടാക്കിയതായി കാണുന്നുള്ളു. (9000/- രൂപ ശമ്പളത്തിൽ കിഴിവ് ചെയ്തതും 3000/- രൂപ നെല്ലിയാമ്പതി ഗ്രാമ പഞ്ചായത്തിൽ നിന്നും (രസീത് നം.11603400017 തീ.09.03.2017) അയച്ച് നല്കിയതും). അവശേഷിക്കുന്ന 3000/- രൂപ നാളിതുവരെയായും ഗ്രാമ പഞ്ചായത്തിൽ ലഭ്യമായതായി കാണുന്നില്ല. ഈ തുക തിരികെ ഈടാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11 തീ.12.10.2017) തുക തിരികെ ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് മറുപടി അറിയിച്ചു.

## 3-5 ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന് -മരുന്ന് പൂർണ്ണമായി ലഭിച്ചില്ല

മെഡിക്കൽ ഓഫീസർ ആയുർവ്വേദം നിർവ്വഹണം നടത്തിയ ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങലെന്ന പദ്ധതിയ്ക്കായി (പ്രോജക്ട് നം. 64/2017) ബിൽ നം. 4/2016-17/ 28.12.2016 പ്രകാരം വികസന ഫണ്ടിൽ നിന്നും 200,000/- രൂപ പിൻവലിച്ച് ഹോംകോയ്ക്ക് നൽകിയിട്ടുണ്ട്. ഹോംകോയുടെ 23.8.2016 ലെ ഇൻവോയ്സ് നം LF No- 468 പ്രകാരം 1,06,700/- രൂപയുടെ മരുന്ന് മാത്രമാണ് ലഭിച്ചതായി കാണുന്നത്. തുക നൽകി പത്ത് മാസങ്ങൾക്കുശേഷവും മരുന്ന് ലഭിക്കാത്ത സാഹചര്യത്തിൽ ശേഷിക്കുന്ന 93,300/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 ഹോമിയോ ആശുപത്രിയ്ക്കായി വാങ്ങിയ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നു.

മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) നടപ്പാക്കിയ ഹോമിയോ ആശുപത്രിയ്ക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ (പ്രോജക്ട്നം 71/2017) എന്ന പദ്ധതി പ്രകാരം 44,900 രൂപ ചെലവഴിച്ച് (ബിൽനം 07/2016-17/ 29.3.2017) ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ, യു.പി.എസ്, പ്രിന്റർ എന്നിവ വാങ്ങി ഹോമിയോ ആശുപത്രിയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ ടി ഉപകരണങ്ങൾ വാങ്ങി മാസങ്ങൾക്കുശേഷവും ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നതായി കാണുന്നു. പദ്ധതി ആസൂത്രണ സമയത്ത് ഡിസ്പൻസറിയുടെ വയറിംഗ് ജോലികൾ പൂർത്തായായി കഴിഞ്ഞിരുന്നുവെന്നും ഉടൻതന്നെ വൈദ്യുതി കണക്ഷൻ ലഭിക്കുമെന്ന ബോധ്യമായതിനെ തുർന്നാണ് പദ്ധതി നടപ്പാക്കിയതെന്നാണ് ഇതുസംബന്ധിച്ച എൻക്വയറിയ്ക്ക് മറുപടി നൽകിയത്. അടിയന്തിരമായി വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും വികസന ഫണ്ട് ചെലവഴിച്ച് വാങ്ങിയ ഉപകരണങ്ങൾ വിനിയോഗിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതുമാണ്.

## 3-7 നെൽവിത്ത് സബ്സിഡി --- കർഷകർ ഒപ്പിട്ട വിതരണ സ്റ്റേറ്റ്മെന്റ്

<u>ഹാജരാക്കിയില്ല.</u>

നെൽവിത്ത് സബ്സിഡി (പ്രോജക്റ്റ് നം. 46/2017) എന്ന പദ്ധതി പ്രകാരം കേരള സ്റ്റേറ്റ് സീഡ് ഡവലപ്പ്മെന്റ് അതോറിറ്റിയിൽ നിന്നും 2,54,198 Kg നെൽവിത്ത് വാങ്ങി പാടശേഖര സമിതികൾ മുഖേന വിതരണം ചെയ്യുന്നതിന് സബ്സിഡിയിനത്തിൽ പദ്ധതി വിഹിതത്തിൽ നിന്നും ബിൽ പ്രകാരം 8,60,000/- രൂപ പിൻവലിച്ച് ചെലവഴിച്ചിട്ടുണ്ട്. 16 പാടശേഖര സമിതികളിലെ 1251 കർഷകർക്ക് സബ്സിഡി നിരക്കിൽ നെൽവിത്ത് വാങ്ങി നൽകുന്നതിനായിട്ടാണ് ടി തുക വിനിയോഗിച്ചിരിക്കുന്നത്. പാടശേഖര സമിതികൾ വിത്ത് കൈപ്പറ്റിയതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് കർഷകർക്ക് നൽകിയതു സംബന്ധിച്ച കർഷകർ ഒപ്പിട്ട വിതരണ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഓരോ കർഷകർക്കും അവരുടെ കൃഷി സ്ഥലത്തിന് ആനുപാതികമായി ലഭിച്ച വിത്തിന്റെ അളവ് എത്രയെന്ന് വ്യക്തമല്ല. വിതരണ പത്രികയിൽ രേഖപ്പെടുത്തിയ പ്രകാരം കർഷകർക്ക് വിത്ത് നൽകിയിട്ടുണ്ടെന്നും തുടർന്നുള്ള വർഷങ്ങളിൽ കൃത്യമായ വിതരണ സ്റ്റേറ്റ്മെന്റ് വാങ്ങി ഹാജരാക്കാമെന്നുമാണ് ഇതുസംബന്ധിച്ച എൻക്വയറിയ്ക്ക് മറുപടി നൽകിയത്. കർഷകർ ഒപ്പിട്ട വിതരണ സ്റ്റേറ്റ്മെന്റ് പാടശേഖര സമിതികൾ മുഖേന ലഭ്യമാക്കി പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ കർശനമായും ശ്രദ്ധിക്കേണ്ടതാണ്.

## 3-8 <u>മരാമത്ത് പ്രവൃത്തികൾ - പദ്ധതി നിർവ്വഹണത്തിൽ ഗുരുതരമായ അനാസ്ഥ – പദ്ധതിയ്ക്കായി വകയിരുത്തിയ തുകയുടെ 14.03% മാത്രം ചെലവ്.</u>

ഗ്രാമപഞ്ചായത്തിന്റെ 2016-17 വാർഷിക പദ്ധതിയിൽ അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി തയ്യാറാക്കി അംഗീകരിച്ച 50 മരാമത്ത് പ്രവൃത്തികൾക്കായി ആകെ 11550362/- രൂപയാണ് വകയിരുത്തിയിരുന്നത്. എന്നാൽ പദ്ധതി നിർവ്വഹണ ഘട്ടത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.എഞ്ചിനിയർ വെറും 8 പ്രവൃത്തികൾക്കായി ആകെ 1621286/- രൂപ മാത്രമാണ് ചെലവഴിച്ചത് (ചെലവ് 14.03%). തന്മൂലം പശ്ചാത്തല മേഖലയിൽ തൻവർഷം യാതൊരുവിധ വികസന പ്രവർത്തനങ്ങളും നടത്തുവാൻ സാധിക്കാതെ ലഭ്യമായ ഫണ്ടിന്റെ ഭൂരിഭാഗവും പഞ്ചായത്തിന് നഷ്ടമായി.

*<u>റോഡ് പ്രവൃത്തികൾ നടപ്പാക്കാതിരുന്നതു മൂലം മെയിന്റനൻസ് ഫണ്ട് (റോഡ്) ഇനത്തിൽ ലഭ്യമായ തുകയിൽ 15.83 ലക്ഷം രൂപ പഞ്ചായത്തിന് നഷ്ടപ്പെട്ടു.</u>*

ഗ്രാമപഞ്ചായത്തിന്റെ മെയിന്റനൻസ് ഫണ്ട് (റോഡ്) വിഭാഗത്തിൽ ഉൾപ്പെടുത്തി 20 പദ്ധതികൾക്കായി ആകെ 1803359/- രൂപയാണ് തൻവർഷം വകയിരുത്തിയിരുന്നത്. എന്നാൽ 3 പദ്ധതികൾക്കായി ആകെ 219736/- രൂപ മാത്രമാണ് തൻവർഷം ചെലവഴിച്ചത്. അലോട്ട്മെന്റായി തൻവർഷം ലഭിച്ച 1723359/- രൂപയിൽ 1503623/- രൂപയും പഞ്ചായത്തിന് നഷ്ടമായി. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഗ്രാമ പഞ്ചായത്തിന്റെ അടിസ്ഥാന സൗകര്യ വികസനങ്ങൾക്കായി ഉപയോഗിക്കാമായിരുന്ന തുക ഇത്തരത്തിൽ നഷ്ടപ്പെടുവാനിടയായത് പദ്ധതി നിർവ്വഹണത്തിലുണ്ടായ ഗുരുതരമായ അനാസ്ഥയായി ഓഡിറ്റിൽ കാണുന്നു. ഇത് സംബന്ധിച്ച് അസി.എഞ്ചിനിയർ ഹാജരാക്കിയ വിശദീകരണത്തിൽ സ്റ്റാഫിന്റെ കുറവും, അവസാന ദിവസം ട്രഷറിയിൽ നിന്നും ബില്ല് മാറുവാൻ സാധിക്കാത്തതിനാലുമാണ് ടി അപാകതയുണ്ടായതെന്നറി യിച്ചിട്ടുണ്ട്. ടി വിഷയത്തിൽ ഭരണസമിതി സ്വീകരിച്ച തുടർ നടപടി വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-9 <u>തെരുവുവിളക്കുകളുടെ വൈദ്യുതിചാർജ്ജ്-ഓർഡിനറി ബൾബുകളുടെ പേരിൽ അധികതുക നൽകുന്നു.</u>

പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകളുടെ വൈദ്യുതിചാർജ്ജ് ഇനത്തിൽ ഓഡിറ്റ് വർഷത്തിൽ പ്രതിമാസം 37037/-രൂപ വീതം തനത് ഫണ്ടിൽ നിന്നും പിൻവലിച്ച് വൈദ്യുതി ബോർഡിലേക്ക് ഒടുക്കിയിട്ടുണ്ട്. വൈദ്യുതി ബോർഡിൽ നിന്നും ഹാജരാക്കിയിട്ടുള്ള തെരുവ്

വിളക്കുകളുടെ പത്രിക പ്രകാരം നിലവിൽ പ്രവർത്തിക്കുന്ന തെരുവ് വിളക്കുകളിൽ 60 വാട്ട്സിന്റെ 154 ഓർഡിനറി ബൾബുകളുണ്ടെന്ന് കണക്കാക്കിയാണ് വൈദ്യുതി ചാർജ്ജ് നിർണ്ണയിച്ചിട്ടുള്ളത്. എന്നാൽ ഓഡിറ്റ് വർഷത്തിലോ, മുൻ വർഷങ്ങളിലോ പഞ്ചായത്ത് ഓർഡിനറി ബൾബുകൾ വാങ്ങിയതായി രേഖകളില്ല. ഇതുസംബന്ധിച്ച് പഞ്ചായത്ത് കെ.എസ്സ്.ഇ.ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടുമില്ല.

പല തവണകളായി സാധാരണ ബൾബുകൾ മാറി സി.എഫ്.എൽ ആക്കിയിട്ടുണ്ടെങ്കിലും അവയൊന്നും ഇവിടെ കെ.എസ്.ഇ.ബിയുടെ കണക്കിൽ കാണുന്നില്ല. സാധാരണ ബൾബുകൾക്ക്, സമാനമായ പ്രകാശം ലഭിക്കുന്ന സി.എഫ്.എൽ വിളക്കുകളേക്കാൾ വളരെ വലിയ തുകയാണ് വൈദ്യുത ചാർജ്ജാകുന്നത്. 60വാട്ട് സാധാരണ ബൾബുകളുടെ പ്രതിമാസ കറന്റ് ചാർജ്ജ് 94/- രൂപയാണ്. എന്നാൽ ഇതിലധികം പ്രകാശം ലഭിക്കുന്ന 15വാട്ട്, 18വാട്ട് സി.എഫ്.എൽ വിളക്കുകളുടെ കറന്റ് ചാർജ്ജ് യഥാക്രമം 9/- രൂപ, 12/- രൂപ എന്നിങ്ങനെയാണ് (KSEB Rate as on 01.12.2015). ഇതിൽ നിന്നും ഓരോ മാസവും വൻ തുകയാണ് ഗ്രാമപഞ്ചായത്തിന് കറന്റ് ചാർജ്ജിനത്തിൽ അധികമാകുന്നത് എന്നു കാണാം. കൂടാതെ നിലവിൽ ഉയർന്ന വൈദ്യുത ഉപഭോഗമുള്ള വിളക്കുകൾ മാറ്റി തീരെ കുറഞ്ഞ വൈദ്യുത ഉപഭോഗമുള്ള വിളക്കുകൾ ഉപയോഗിച്ചാൽ കറന്റ് ചാർജ്ജ് നിലവിലുള്ളതിന്റെ ഭൂരിഭാഗവും ലാഭിക്കുവാൻ കഴിയുന്നതാണ്. ടി വിഷയത്തിൽ സെക്രട്ടറി ഹാജരാക്കിയ മറുപടിയിൽ കെ.എസ്സ്.ഇ.ബി.യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുന്നതിനാ വശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്.

## 3-10 മഴക്കാല പൂർവ്വ ശുചീകരണം- വാർഡു തലത്തിൽ നൽകുന്ന തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കാതെ പണമായി മാറി ചെലവഴിക്കുന്നു.

ഗ്രാമപഞ്ചായത്തിലെ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി 13 വാർഡുകൾക്ക് 10000/- രൂപ വീതം ആകെ 130000/- രൂപ വാർഡുതല ശുചിത്വസമിതികൾക്ക് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകകൾ ഇതിനായി വാർഡ് തലത്തിൽ ആരംഭിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിക്കാതെ പണമായി പിൻവലിച്ച് ചെലവഴിക്കുകയാണ് ചെയ്തിട്ടുള്ളത്. ക്രമ വിരുദ്ധമായി പണം ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതും, ശുചീകരണ പ്രവർത്തനങ്ങൾക്കായി നൽകുന്ന തുക ബാങ്ക് അക്കൗണ്ടിൽ യഥാസമയം നിക്ഷേപിച്ച് ചെലവഴിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-11 മരുന്നുകളുടെ വിതരണ വിവരം യഥാസമയം രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല--

മെഡിക്കൽ ഓഫീസർ ആയുർവ്വേദം നടപ്പിലാക്കിയ അപരാജിത ധൂപചൂർണ്ണം വാങ്ങൽ (പ്രോജക്ട് നം. 62/2017) ഷഡംഗതോയം വാങ്ങൽ (പ്രോജക്ട് നം. 60/2017) എന്നീ പദ്ധതികൾക്കായി വികസന ഫണ്ടിൽ നിന്നും യഥാക്രമം 50,000/- രൂപയും (ബിൽ നം. 2/2016-17/ 20.12.2016), 75,000/- രൂപയും (ബിൽനം 2/2016-17/ 20.12.2016) ചെലവഴിച്ചിട്ടുണ്ട്. അപരാജിത ധൂപചൂർണ്ണം, ഷഡംഗതോയം എന്നിവയുടെ വിതരണവുമായി ബന്ധപ്പെട്ട് ഡിസ്പെൻസറിയിൽ സൂക്ഷിച്ചിട്ടുള്ള സ്റ്റോക്ക് വിതരണ രേഖകൾ പരിശോധിച്ചതിൽ, 2802 പായ്ക്കറ്റ് അപരാജിത ധൂപചൂർണ്ണവും 1520പായ്ക്കറ്റ് ഷഡംഗതോയവും 11/2016ൽ ലഭിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തീയതിവരെ 230 പായ്ക്കറ്റ് അപരാജിത ധൂപചൂർണ്ണവും 720 പായ്ക്കറ്റ് ഷഡംഗതോയവും മാത്രമാണ് വിതരണം ചെയ്തതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ടി മരുന്നുകളുടെ സ്റ്റോക്ക് വിതരണ വിവരം പരിശോധിച്ച് മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. അപരാജിത ചൂർണ്ണത്തിന്റെ വിതരണ വിവരം പൂർണ്ണമായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുവാൻ വിട്ടുപോയതിനാലാണ് ഇങ്ങനെ സംഭവിച്ചതെന്നും ഷഡംഗതോയം ബാക്കിയുള്ള 800 പായ്ക്കറ്റ് എത്രയുംവേഗം വിതരണം ചെയ്യുന്നതാണെന്നുമാണ് ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയത്. മരുന്നുകൾ യഥാസമയം ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുവാൻ

ശ്രദ്ധിക്കേണ്ടതാണ്.

## 3-12 നോൺബാങ്കിംഗ് ട്രഷറി- നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്ലാൻ അക്കൗണ്ടിൽ (ബാങ്ക്) ശേഷിക്കുന്ന തുക തിരിച്ചടച്ചില്ല.

12.4.2006 ലെ ജി.ഒ (പി) 177/2006/ധനം നമ്പരായുള്ള സർക്കാർ ഉത്തരവ് പ്രകാരം നോൺ ബാങ്കിംഗ് ട്രഷറിയിൽ നിന്നും പിൻവലിച്ചതും വിതരണം ചെയ്യാതെ 30 ദിവസത്തിലധികം ബാങ്ക് അക്കൗണ്ടിൽ നിൽക്കുന്നതുമായ തുക / ഡി.ഡി എന്നിവ ട്രഷറി ചെലാൻ മുഖേന തിരിച്ചടയ്ക്കേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടുകളിൽ താഴെ പറയുന്ന തുകകൾ നീക്കിയിരുപ്പുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | ബാങ്ക് | അക്കൗണ്ട് നം. | 31.03.2017 ലെ നീക്കിയിരുപ്പ് |
|---|---|---|---|---|
| 1 | സെക്രട്ടറി | എസ്.ബി.ടി | 67004109484 | 16651 |
| 2 | അസി.എഞ്ചിനിയർ | കാനറ ബാങ്ക് | 718101054221 | 15697 |
| 3 | എം.ഒ (പി.എച്ച്.സി) | പാസ് ബുക്കില്ല. | | |
| 4 | കൃഷി ഓഫീസർ | എസ്.ബി.ടി | 57061128235 | 10343 |
| 5 | വി.ഇ.ഒ, | എസ്.ബി.ഐ | 67209772463 | 121843 |
| 6 | വെറ്ററിനറി | എസ്.ബി.ടി | 57061150351 | 6098 |
| 7 | എച്ച്.എം | എസ്.ബി.ടി | 57061150442 | 1691 |
| 8 | ഐ.സി.ഡി.എസ് | എസ്.ബി.ടി | 57046240391 | 7612 |
| 9 | എം.ഒ(ആയുർവേദം) | എസ്.ബി.ടി | 67074851460 | 928 |
| 10 | അസി.സെക്രട്ടറി | എസ്.ബി.ടി | 67312091657 | 3171 |

പ്രസ്തുത കാലയളവിൽ ദേശസാത്കൃത ബാങ്കിൽ നിക്ഷേപിച്ച തുകയുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ (അനുബന്ധം - ബി:6) തയ്യാറാക്കി യിട്ടില്ലാത്തതിനാൽ നീക്കിയിരുപ്പുള്ള തുകയുടെ ഇനം തിരിച്ചുള്ള കണക്ക് വിവരം വ്യക്തമല്ല. നീക്കിയിരുപ്പുള്ള തുകയുടെ ഇനം തിരിച്ചുള്ള കണക്ക് വിവരം കൃത്യമായി തയ്യാറാക്കേണ്ടതും സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കാനുള്ള തുക തിരിച്ചടച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക കണക്ക്

കാവാലം ഗ്രാമ പഞ്ചായത്തിന്റെ 2016-17-ലെ വാർഷിക കണക്ക് പരിശോധിച്ച് വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

I. രസീത് & പെയ്മെന്റ് അക്കൗണ്ട്

സ്ഥാപനത്തിന്റെ 2016-17 വർഷത്തെ വരവുചെലവ് കണക്കിന്റെ സംക്ഷിപ്തം താഴെച്ചേർക്കുന്നു.

| | | |
|---|---|---|
| മുന്നിരിപ്പ് | : | 4431500/- |
| വരവ് | : | 34963368/- |

| | | |
|---|---|---|
| ആകെ | : | 39394868/- |
| ചെലവ് | : | 31875617/- |
| നീക്കിയിരിപ്പ് | : | 7519251/- |

രസീത് & പെയ്മെന്റ് അക്കൗണ്ട് പരിശോധിച്ച് കണ്ടെത്തിയ ന്യൂനതകൾ താഴെപ്പറയുന്നു.

1. എസ്.ബി.റ്റി.എസ്.ബി(ഓൺ ഫണ്ട്) എന്ന അക്കൗണ്ടിന്റെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Cheque deposited but not collected എന്നതിനു കീഴെ താഴെപ്പറയും പ്രകാരം മുൻകാലങ്ങളിലെ തുകകൾ കൊടുത്തിരിക്കുന്നു.

| വൗച്ചർ നം/ തീയതി | തുക |
|---|---|
| 11602900009/28.07.2016 | 130000 |
| 11502000002/30.03.2016 | 270000 |
| 11503400010/28.03.2016 | 75000 |
| 31500379/26.03.2016 | 10000 |

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 22(4) പ്രകാരം സ്വീകരിക്കാത്ത ചെക്ക് സംബന്ധിച്ച് ബാങ്കിൽ നിന്ന് ലഭിച്ച അറിയിപ്പിന്റെയൊ സ്റ്റേറ്റ്മെന്റിന്റെയൊ അടിസ്ഥാനത്തിൽ അക്കൌണ്ട് ബുക്കുകളിൽ അക്കൗണ്ടന്റ് റിവേഴ്സ് എൻട്രി നടത്തേണ്ടതാണെന്ന് പറഞ്ഞിരിക്കുന്നു. മുകളിൽ പറയും പ്രകാരമുള്ള ചെക്കുകൾ ബാങ്കിലേക്ക് ഡെപ്പോസിറ്റ് ചെയ്തിട്ടും നാളിതുവരെയായും (ചെക്ക് കാലാവധി 3 മാസമാകയാൽ അവയുടെ കാലാവധി കഴിഞ്ഞിട്ടുണ്ട്) ബാങ്ക് അക്കൌണ്ടിലേക്ക് വരവ് വയ്ക്കാതിരുന്നത് ചെക്ക് സ്വീകാര്യമല്ലാത്തതിനാലാവാം. മേൽ ചെക്കുകൾ സംബന്ധിച്ച് നിജസ്ഥിതി ബാങ്കിൽ അന്വേഷിച്ച് ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ RP-34 (ചെലവ് ഭാഗം) പ്രകാരം തൻവർഷത്തെ Suppliers Earnest Money Deposit ഇനത്തിലുള്ള ചെലവ് 98340/- രൂപയാണെന്ന് കാണുന്നു. എന്നാൽ രജിസ്റ്റർ പ്രകാരം ഈയിനത്തിലുള്ള 78765/- രൂപയാണ്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3 തീ.10.10.2017) ന്യൂനത പരിഹരിച്ച് രജിസ്റ്റർ ഹാജരാക്കുന്നതായി മറുപടി നല്കിയെങ്കിലും രജിസ്റ്റർ പരിശോധിച്ചപ്പോൾ ന്യൂനത പരിഹരിക്കപ്പെട്ടിട്ടില്ലായെന്ന് ബോധ്യപ്പെട്ടു.
3. രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ RP-1 പ്രകാരം Profession Tax- Institution/Professionals /Taders എന്ന ഇനത്തിൽ (-)36220/- രൂപ കാണിക്കുന്നു. വരവ് ഹെഡിൽ ഇപ്രകാരം നെഗറ്റീവ് തുക ഉൾപ്പെടാനുള്ള കാരണം അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3 തീ.10.10.2017) ന്യൂനത പരിഹരിക്കുന്നതാണെന്ന മറുപടിയാണ് നല്കിയത്.
4. രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ RP-43 പ്രകാരം Receivables for Poperty Tax on Residential Buildings (Current), Non-Residential Buildings(Current) എന്നീ ഇനങ്ങളിലുള്ള തൻവർഷത്തെ ആകെ വരവ് 8,14,037/- രൂപയെന്ന് കാണുന്നു. എന്നാൽ സാമ്പത്തിക വർഷാവസാനം സഞ്ജയ സോഫ്റ്റ് വെയറിൽ നിന്നും എടുത്ത സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കളക്ഷൻ 6,73,173/- രൂപയാണ്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3 തീ.10.10.2017) സാംഖ്യ സഞ്ജയ സോഫ്റ്റ് വെയർ ഇന്റഗ്രേഷൻ പൂർത്തീകരിക്കാത്തതിനാലാണ് ന്യൂനത നിലനില്ക്കുന്നത് എന്ന മറുപടിയാണ് നല്കിയത്.
5. രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ RP-43 പ്രകാരം Service Cess on Property Tax(Current)എന്ന ഇനത്തിലുള്ള തൻവർഷത്തെ ആകെ കളക്ഷൻ 95549/- രൂപയെന്ന് കാണുന്നു.

എന്നാൽ സാമ്പത്തിക വർഷാവസാനം സഞ്ജയ സോഫ്റ്റ് വെയറിൽ നിന്നും എടുത്ത സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കളക്ഷൻ 1,37,650/- രൂപയാണ്.ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3 തീ.10.10.2017) സാംഖ്യ സഞ്ജയ സോഫ്റ്റ് വെയർ ഇന്റഗ്രേഷൻ പൂർത്തീകരിക്കാത്തതിനാലാണ് ന്യൂനത നിലനില്ക്കുന്നത് എന്ന മറുപടിയാണ് നല്കിയത്.

6. രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ RP-43 പ്രകാരം Poperty Tax on Residential Buildings(Arrears), Non-Residential Buildings(Arrears) എന്നീ ഇനങ്ങളിലുള്ള തൻവർഷത്തെ ആകെ വരവ് 1057681/- രൂപയെന്ന് കാണുന്നു. എന്നാൽ സാമ്പത്തിക വർഷാവസാനം സഞ്ജയ സോഫ്റ്റ് വെയറിൽ നിന്നും എടുത്ത സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കളക്ഷൻ 847007/- രൂപയാണ്.ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3 തീ.10.10.2017) സാംഖ്യ സഞ്ജയ സോഫ്റ്റ് വെയർ ഇന്റഗ്രേഷൻ പൂർത്തീകരിക്കാത്തതിനാലാണ് ന്യൂനത നിലനില്ക്കുന്നത് എന്ന മറുപടിയാണ് നല്കിയത്.
7. രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ RP-43 പ്രകാരം Service Cess on Property Tax(Arrears)എന്ന ഇനത്തിലുള്ള തൻവർഷത്തെ ആകെ കളക്ഷൻ 1,27,581/- രൂപയെന്ന് കാണുന്നു. എന്നാൽ സാമ്പത്തിക വർഷാവസാനം സഞ്ജയ സോഫ്റ്റ് വെയറിൽ നിന്നും എടുത്ത സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കളക്ഷൻ 1,02,339/- രൂപയാണ്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3 തീ.10.10.2017) സാംഖ്യ സഞ്ജയ സോഫ്റ്റ് വെയർ ഇന്റഗ്രേഷൻ പൂർത്തീകരിക്കാത്തതിനാലാണ് ന്യൂനത നിലനില്ക്കുന്നത് എന്ന മറുപടിയാണ് നല്കിയത്.
8. കെട്ടിട നിർമാണ പെർമിറ്റ് രജിസ്റ്റർ എഴുതി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ രസീപ്റ്റ് & സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ RP-4 പ്രകാരമുള്ള പെർമിറ്റ് ഫീസ് ഇനത്തിലുള്ള കളക്ഷൻ തുകയുടെ നിജസ്ഥിതി ഉറപ്പാക്കാനായില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3 തീ.10.10.2017) രജിസ്റ്റർ പൂർത്തിയാക്കി ഹാജരാക്കുന്നതായി അറിയിച്ചെങ്കിലും പരിശോധനയിൽ രജിസ്റ്ററിൽ ഡി.സി.ബി തിട്ടപ്പെടുത്തി രേഖപ്പെടുത്തുകയോ 2016-17 വർഷത്തെ ആകെ വരവ് രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ലാത്തതിനാൽ പരിശോധന സാധ്യമായില്ല.
9. ഇ.എം.എസ് ലോൺ തിരിച്ചടക്കുന്നതിനായി തൻ വർഷം 58000/- വികസന ഫണ്ടിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. എന്നാൽ ഈ തുക രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് RP-32 ഷെഡ്യൂളിൽ ഉൾപ്പെട്ട് കാണുന്നില്ല. പേയ്മെന്റ് രേഖപ്പെടുത്തിയിട്ടുള്ളതായി മറുപടി ലഭ്യമാക്കിയെങ്കിലും രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ ആയത് പ്രതിഫലിച്ചിട്ടില്ലായെന്ന് കാണുന്നു.

II. ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

സ്ഥാപനത്തിന്റെ തൻവർഷത്തെ ആദായത്തിന്റെയും ചെലവിന്റെയും സംക്ഷിപ്തം താഴെപ്പറയുന്നു.

| | | |
|---|---|---|
| ആദായം | : | 53046147/- |
| (-) ചെലവ് | : | 54947145/- |
| (-)പ്രയർ പീരീഡ് ഐറ്റം | : | (-)209801/- |
| ഡെഫിസിറ്റ് | : | 1691197/- |

*ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പരിശോധിച്ച് കണ്ടെത്തിയ ന്യൂനതകൾ താഴെപ്പറയുന്നു.*

1. എം.ജി.എൻ.ആർ.ഇ.ജി.എസിന്റെ MIS റിപ്പോർട്ട് പ്രകാരം തൻവർഷത്തെ ആകെ ചെലവ് 21848000/- രൂപയാണ്. ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-6 പ്രകാരം ഈയിനത്തിലുള്ള തുക 15,63,681/- രൂപയാണെന്ന് കാണുന്നു.(ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ലെഡ്ജറിൽ ഇതുമായി ബന്ധപ്പെട്ട ക്യാപ്പിറ്റൽ ചെലവുകളൊന്നും ബുക്ക് ചെയ്തിട്ടില്ല.). ഇ.എഫ്.എം.എസ് വഴി തൊഴിലാളികൾക്ക് നല്കിയ വേതനവും ഭരണ ചെലവുകളും ഉൾപ്പെടെ വന്നിട്ടുള്ള ആകെ ചെലവ് തുകയാണ് I-6 ഷെഡ്യൂളിൽ ഉൾപ്പെട്ടു വരേണ്ടത്.

2. ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-1 പ്രകാരം Profession Tax-Institution/Professionals/Taders എന്ന ഇനത്തിലുള്ള ഡിമാന്റ് 54190/- രൂപയാണെന്ന് കാണുന്നു. രജിസ്റ്റർ പരിശോധിച്ചപ്പോൾ തൻവർഷത്തെ ഡിമാന്റ് കളക്ഷൻ എന്നിവ 90410/- രൂപയെന്ന് കാണുന്നു.
3. ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-1 പ്രകാരം Poperty Tax on Residential Buildings(Current) , Non-Residential Buildings എന്നീ ഇനങ്ങളിലുള്ള തൻവർഷത്തെ ആകെ ഡിമാന്റ് 12,73,143/- രൂപയെന്ന് കാണുന്നു. എന്നാൽ സാമ്പത്തിക വർഷാവസാനം സഞ്ജയ സോഫ്റ്റ് വെയറിൽ നിന്നും എടുത്ത സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഡിമാന്റ് 11,37,184/- രൂപയാണ്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3 തീ.10.10.2017) സാംഖ്യ സഞ്ജയ സോഫ്റ്റ് വെയർ ഇന്റഗ്രേഷൻ പൂർത്തീകരിക്കാത്തതിനാലാണ് ന്യൂനത നിലനില്ക്കുന്നത് എന്ന മറുപടിയാണ് നല്കിയത്.
4. ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-1 പ്രകാരം Service Cess on Property Tax(Current)എന്ന ഇനത്തിലുള്ള തൻവർഷത്തെ ആകെ ഡിമാന്റ് 1,36,408/- രൂപയെന്ന് കാണുന്നു. എന്നാൽ സാമ്പത്തിക വർഷാവസാനം സഞ്ജയ സോഫ്റ്റ് വെയറിൽ നിന്നും എടുത്ത സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഡിമാന്റ് 1,37,650/- രൂപയാണ്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3 തീ.10.10.2017) സാംഖ്യ സഞ്ജയ സോഫ്റ്റ് വെയർ ഇന്റഗ്രേഷൻ പൂർത്തീകരിക്കാത്തതിനാലാണ് ന്യൂനത നിലനില്ക്കുന്നത് എന്ന മറുപടിയാണ് നല്കിയത്.
5. വാർഷിക കണക്ക് പ്രകാരം Poperty Tax(Arrears) ഇനത്തിലുള്ള ഡിമാന്റ് (2015-16 B-15 + 2016-17 I-18) 1874163/- രൂപയാണെന്ന് കാണുന്നു. എന്നാൽ സാമ്പത്തിക വർഷാവസാനം സഞ്ജയ സോഫ്റ്റ് വെയറിൽ നിന്നും എടുത്ത സ്റ്റേറ്റ്മെന്റ് പ്രകാരം ഈയിനത്തിലുള്ള ഡിമാന്റ് 16,49,538/- രൂപയാണ്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3 തീ.10.10.2017) സാംഖ്യ സഞ്ജയ സോഫ്റ്റ് വെയർ ഇന്റഗ്രേഷൻ പൂർത്തീകരിക്കാത്തതിനാലാണ് ന്യൂനത നിലനില്ക്കുന്നത് എന്ന മറുപടിയാണ് നല്കിയത്.
6. ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-17(a) പ്രകാരം ബിൽഡിംഗിന് മാത്രമാണ് തൻവർഷം ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടുള്ളത്. മറ്റ് ആസ്തികളുടെയൊന്നും ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3 തീ.10.10.2017) മറ്റ് ആസ്തികളുടെയും ഡിപ്രീസിയേഷൻ കണക്കാക്കി രേഖപ്പെടുത്തുന്നതാണെന്ന മറുപടിയാണ് നല്കിയത്.
7. കെട്ടിട നിർമാണ പെർമിറ്റ് രജിസ്റ്റർ എഴുതി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-4 പ്രകാരമുള്ള പെർമിറ്റ് ഫീസ് ഇനത്തിലുള്ള ഡിമാന്റ് തുകയുടെ നിജസ്ഥിതി ഉറപ്പാക്കാനായില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3 തീ.10.10.2017) രജിസ്റ്റർ പൂർത്തിയാക്കി ഹാജരാക്കുന്നതായി അറിയിച്ചെങ്കിലും പരിശോധനയിൽ രജിസ്റ്ററിൽ ഡി.സി.ബി തിട്ടപ്പെടുത്തി രേഖപ്പെടുത്തുകയോ 2016-17 വർഷത്തെ ആകെ വരവ് രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ലാത്തതിനാൽ പരിശോധന സാധ്യമായില്ല.

III. ബാലൻസ് ഷീറ്റ്

സ്ഥാപനത്തിന്റെ 31.03.2017 ലെ സംക്ഷിപ്ത സാമ്പത്തിക നില താഴെപ്പറയുന്നു.

| | | |
|---|---|---|
| ആകെ ആസ്തി | : | 26313663/- |
| (-)റിസർവ്വും earmarked fundഉം ഉൾപ്പെടെ ആകെ ബാധ്യത | : | 23881856/- |
| പഞ്ചായത്ത് ഫണ്ട് | : | 2431807/- |

*<u>ബാലൻസ് ഷീറ്റ് പരിശോധിച്ച് കണ്ടെത്തിയ ന്യൂനതകൾ താഴെപ്പറയുന്നു.</u>*

1. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി.7 പ്രകാരം Supplies Earnest Money Deposit എന്നയിനത്തിൽ 42945/- രൂപ ബാധ്യതയായി കാണിച്ചിരിക്കുന്നു. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം 62525/- രൂപ തിരികെ നല്കാനുള്ളതായി കാണിച്ചിരിക്കുന്നു. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3 തീ.10.10.2017) ന്യൂനത പരിഹരിച്ച് രജിസ്റ്റർ ഹാജരാക്കുന്നതായി മറുപടി നല്കിയെങ്കിലും രജിസ്റ്റർ പരിശോധിച്ചപ്പോൾ ന്യൂനത പരിഹരിക്കപ്പെട്ടിട്ടില്ലായെന്ന് ബോധ്യപ്പെട്ടു.

2. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി.15 പ്രകാരം Receivables for Poperty Tax on Residential Buildings(Current) , Non-Residential Buildings(Current) എന്നീ ഇനങ്ങളിലുള്ള തൻവർഷത്തെ ബാലൻസ് 4,63,545/- രൂപയെന്ന് കാണുന്നു. എന്നാൽ സാമ്പത്തിക വർഷാവസാനം സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നും എടുത്ത സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് 4,65,136/- രൂപയാണ്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3 തീ.10.10.2017) സാംഖ്യ സഞ്ചയ സോഫ്റ്റ് വെയർ ഇന്റഗ്രേഷൻ പൂർത്തീകരിക്കാത്തതിനാലാണ് ന്യൂനത നിലനില്ക്കുന്നത് എന്ന മറുപടിയാണ് നല്കിയത്.
3. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി.15 പ്രകാരം Receivables for Service Cess on Property Tax Residential Buildings(Current), Non Residential Buildings(Current),എന്നീ ഇനങ്ങളിലുള്ള തൻവർഷത്തെ ആകെ ബാലൻസ് 1,03,826/- രൂപയെന്ന് കാണുന്നു. എന്നാൽ സാമ്പത്തിക വർഷാവസാനം സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നും എടുത്ത സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് 56,419/- രൂപയാണ്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3 തീ.10.10.2017) സാംഖ്യ സഞ്ചയ സോഫ്റ്റ് വെയർ ഇന്റഗ്രേഷൻ പൂർത്തീകരിക്കാത്തതിനാലാണ് ന്യൂനത നിലനില്ക്കുന്നത് എന്ന മറുപടിയാണ് നല്കിയത്.
4. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി.15 പ്രകാരം Receivables for Poperty Tax on Residential Buildings(Arrears) , Non-Residential Buildings(Arrears) എന്നീ ഇനങ്ങളിലുള്ള തൻവർഷത്തെ ബാലൻസ് 7,82,936/- രൂപയെന്ന് കാണുന്നു. എന്നാൽ സാമ്പത്തിക വർഷാവസാനം സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നും എടുത്ത സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് 10,40,725/- രൂപയാണ്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3 തീ.10.10.2017) സാംഖ്യ സഞ്ചയ സോഫ്റ്റ് വെയർ ഇന്റഗ്രേഷൻ പൂർത്തീകരിക്കാത്തതിനാലാണ് ന്യൂനത നിലനില്ക്കുന്നത് എന്ന മറുപടിയാണ് നല്കിയത്.
5. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി.15 പ്രകാരം Receivables for Service Cess on Property Tax Residential Buildings(Arrears), Non Residential Buildings(Arrears) എന്നീ ഇനങ്ങളിലുള്ള തൻവർഷത്തെ ആകെ ബാലൻസ് 40416/- രൂപയെന്ന് കാണുന്നു. എന്നാൽ സാമ്പത്തിക വർഷാവസാനം സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നും എടുത്ത സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് 1,26,099/- രൂപയാണ്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3 തീ.10.10.2017) സാംഖ്യ സഞ്ചയ സോഫ്റ്റ് വെയർ ഇന്റഗ്രേഷൻ പൂർത്തീകരിക്കാത്തതിനാലാണ് ന്യൂനത നിലനില്ക്കുന്നത് എന്ന മറുപടിയാണ് നല്കിയത്.
6. ഗ്രാമ പഞ്ചായത്തിന്റെ മുഴുവൻ ആസ്തികളും ഉൾക്കൊള്ളത്തക്ക തരത്തിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ അക്കൗണ്ടിംഗ് സമ്പ്രദായം സാംഖ്യ സോഫ്റ്റ്വെയറിലേക്ക് മാറുന്നതിന് മുൻപുള്ള ആസ്തികളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3 തീ.10.10.2017) മുഴുവൻ ആസ്തികളും ഉൾക്കൊള്ളത്തക്ക തരത്തിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതാണെന്ന് മറുപടി നല്കി.
7. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി.11 പ്രകാരം ബിൽഡിംഗിന്റേതൊഴികെയുള്ള മറ്റ് മൂലധന ആസ്തികളുടെ ഡിപ്രീസിയേഷൻ മുൻവർഷ ബാലൻസ് ഷീറ്റ് പ്രകാരമുള്ള അതേ തുകയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3 തീ.10.10.2017) മറ്റ് ആസ്തികളുടെയും ഡിപ്രീസിയേഷൻ കണക്കാക്കി രേഖപ്പെടുത്തുന്നതാണെന്ന മറുപടിയാണ് നല്കിയത്.

8. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം ഡി&ഒ ലൈസൻസ് ഇനത്തിൽ 890/- രൂപ ലഭിക്കാനുള്ളതായി കാണിച്ചിരിക്കുന്നു.
9. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം Receivables from Lorry, Taxi and other vehicle stand Receipts (Current) എന്നയിനത്തിൽ 125506/- രൂപ കിട്ടാനുള്ളതായി കാണിച്ചിരിക്കുന്നു. ഇതേ തുക മുൻകാലങ്ങളിലെ ബാലൻസ് ഷീറ്റിലും ഉൾപ്പെട്ടു കാണുന്നു. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 3, തീ. 10.10.2017) കടത്തിൽ നിന്നുള്ള വരുമാനം തെറ്റായി അക്കൗണ്ട് ചെയ്തതുമൂലമാണ് പിശക് സംഭവിച്ചതെന്ന് മറുപടി നല്കി.

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നം. | വിഹിതം നൽകിയ സ്ഥാപനങ്ങൾ | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| 1. | ആലപ്പുഴ ജില്ലാ പഞ്ചായത്ത് | 2016-17 | 75000 | ശാരീരിക മാനസിക സ്കോളർഷിപ്പ് | 75000 | -- |
| 2. | ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 75000 | | 75000 | – |
| 3 | ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 75000 | പോഷകാഹാരം | – | 75000 |
| 4 | ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 85000 | പാൽ സബ്സിഡി | 85000 | -- |

## 4-3. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

--ഇല്ല--

## 4-4. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

## 4-5. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം. എസ്. ഭവന നിർമ്മാണ പദ്ധതി | സ.ഉ(സാധാ) നം. 960/2010, ത.സ്വ.ഭ.വ, 20.03.2010 | 9988500 | 1404477 | 58000 | – | 1346477 |

## 4-6. സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല--

## 4-7. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 11001/- രൂപയുടെ വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

| റിപ്പോർട്ട്/ വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും, ഉദ്യോഗപ്പേരും | രസീത് നം. തീയതി. |
|---|---|---|---|---|
| 2013-14 | 3-14 | 7001 | പ്രീയ.പി.പി | 11603100198-201/ 13.05.16 |
| 2014-15 | 3-2 | 4000 | മഞ്ജു.പി.കെ | 11603100654/9.11.16 |
| ആകെ | | 11001 | | |

## 4-8. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2003-04 | 2-4 | 2007-08, ഖ- 3.24.1 | ടെണ്ടർ ക്ഷണിക്കാതെ പൈപ്പ് വാങ്ങി | ആർ.ആർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

## 4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 34963368 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 31875617 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 3000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 216840 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-4 | | 3000 | ശ്രീ. പി.എസ്.ശിഖിവാഹനൻ, സെക്രട്ടറി |
| ആകെ | | 3000 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 20000 | ശ്രീ. അനിൽ കുമാർ, വി.ഇ.ഒ |
| 3-3 | 103540 | ഡോ. ദിവ്യ ചന്ദ്രൻ, വെറ്ററിനറി സർജൻ |
| 3-5 | 93300 | ഡോ.സുഭാഷ്, മെഡിക്കൽ ഓഫീസർ (ആയുർവേദം) |
| ആകെ | 216840 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക 2-1

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. പി.എസ്.ശിഖിവാഹനൻ, സെക്രട്ടറി | സെക്രട്ടറി, കാവാലം ഗ്രാമപഞ്ചായത്ത് | പനയ്ക്കൽ ചിറയിൽ, കാട്ടൂർ.പി.ഒ, ആലപ്പുഴ |
| ശ്രീ. അനിൽ കുമാർ, വി.ഇ.ഒ | വി.ഇ.ഒ, കാവാലം ഗ്രാമപഞ്ചായത്ത് | തൈപ്പറമ്പിൽ, പുന്നപ്ര.പി.ഒ, ആലപ്പുഴ |
| ഡോ. ദിവ്യ ചന്ദ്രൻ, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ കാവാലം ഗ്രാമപഞ്ചായത്ത് | സുധാസദനം, പാലേടം, കാവാലം |
| ഡോ.സുഭാഷ്, എം.ഒ. ആയുർവേദം | -- | വൈശാഖം, നേമം.പി.ഒ, തിരുവനന്തപുരം |

## 4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1984-85 | എൽ.എഫ്.എ.10/1402/87 തീയതി.11.02.88 |
| 1985-86 | എൽ.എഫ്.എ.10/1067/88 തീയതി09.03.89 |
| 1986-87 | എൽ.എഫ്.എ.10/1171/89 തീയതി 10.10.89 |
| 1987-88 | എൽ.എഫ്.എ.10/246/91 തീയതി31.02.1991 |
| 1989-90 | എൽ.എഫ്.എ.10/1552/91 തീയതി 7.2.91 |
| 1990-91 | എൽ.എഫ്.എ.10/994/92 തീയതി 11.2.92 |
| 1991-92, 92-93 | എൽ.എഫ്.എ.10/420/93 തീയതി 18.5.03 |
| 1993-94, 94-95 | എൽ.എഫ്.എ.10/663/98 തീയതി 17.5.09 |
| 1997-98 (ചെലവ്) | എൽ.എഫ്.എ.14/92/01/21.04.01/5.7.01 |
| 1999-00 | എൽ.എഫ്.ജി.എ5/1832/11/28.1.12 |
| 2002-03 (ചെലവ്) | എൽ.എഫ്. ജി.എ5/1832/11/8.2.12 |
| 2003-04 (ചെലവ്) | എൽ.എഫ്.ജി.എ5/1832/11/28.2.12 |
| 2006-07(ചെലവ്) | എൽ.എഫ്.എ.പി1/ഡി.പി./298/11/24.6.11/31.3.11 |
| 2007-08 (ചെലവ്) | എൽ.എഫ്.എ.പി1/ഡി.പി./299/11/27.6.11/31.7.11 |

| | |
|---|---|
| 2008-09,<br>2009-10, 10-11 | എൽ.എഫ്.എ.പി.10/837/2012/14.2.12 |
| 2011-12,12-13 | എൽ.എഫ്.എ.പി.10/489/14/3.6.14/15.7.14 |
| 2013-14 | കെ.എസ്.എ/എ.എൽ.പി/പി.10-1569/15, 23.12.2015 |
| 2014-15 | കെ.എസ്.എ.എ.എൽ.പി-പി.10/838/2016/30.7.16 |
| 2015-16 | കെ.എസ്.എ.എ.എൽ.പി-പി.10/47/2017/24.01.17 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

.
.
.
.
.
.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ആലപ്പുഴ.

നം. കെ.എസ്.എ-എ.എൽ.പി-പി10-1314/17

ജില്ലാ ഓഡിറ്റ് ഓഫീസ്,ആലപ്പുഴ.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

തീയതി. 04.11.2017

## *ഓഡിറ്റ് സർട്ടിഫിക്കറ്റ്*

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ കാവാലം ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഭാഗം 4 ഖണ്ഡിക 1ൽ കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കാവാലം ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.
.
.
.
.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ

No. KSA-ALP-P10-1314/17

Kerala State Audit Department,

District Audit Office, Alappuzha.

Date: 04.11.2017

*AUDIT CERTIFICATE*

Certified that I have audited the Annual Financial Statement of Kavalam Grama Panchayat in Alappuzha District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of panchayats.

In my opinion, the Financial Statements of Kavalam Gramapanchayat for the year 2016-17 except the observations in part 4-1 of the audit report properly presents the picture of income and expenditure.

.
.
.
.

Deputy Director

Kerala State Audit Department

Alappuzha